(3) പെരിനാട് പഞ്ചായത്തിൽ കക്കാട് മുറിയിൽ ശശിയുടെ കൊലപാതകം

ശ്രീമതി റെയിച്ചൽ സണ്ണി പനവേലി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പെരിനാട് പഞ്ചായത്തിൽ കക്കാട്ടുമുറിയിൽ, കരിമ്പിൻ വീട്ടിൽ ഗംഗാധരന്റെ 33 വയസ്സുള്ള മകൻ ശശിയുടെ സംശയാസ്പദമായ 10 a.m. തിരോധാനത്തെപ്പറ്റി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. 1-11-1986 ശനിയാഴ്ച വൈകിട്ട് മാർക്കറ്റിലേക്ക് പോയ ശശി ഇതുവരെയും തിരിച്ചെത്തിയിട്ടില്ല. ശശിയുടെ ഭാര്യയായ വസന്തയുടെ പരാതിയെത്തുടർന്ന് ഞാൻ സ്ഥലത്തുപോയി അന്വേഷിക്കുകയുണ്ടായി. വസന്തയേയും വാതരോഗിയായ അച്ഛനേയും നാട്ടുകാരേയും കണ്ട് ഞാൻ അന്വേഷണം നടത്തി. ഇതൊരു കൊലപാതകമാണെന്നു അവർ ബലമായി സംശയിക്കുന്നു. അന്നു വൈകിട്ട് മാർക്കറ്റിനടുത്തുവച്ച് ശശിയെ കണ്ടവരുണ്ട്. എന്റെ അന്വേഷണത്തിൽ അവിടെവച്ച് സംഘട്ടനം നടന്നതായിട്ടും അതിൽ പരിക്കുപറ്റിയ ശശിയെ പെരിനാട് ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുചെന്ന് ഡ്രസ് ചെയ്ത് വിട്ടതായും അറിയാൻ കഴിഞ്ഞു. സംഭവസ്ഥലത്ത് റോഡ് സൈഡിലുള്ള കെട്ടിടത്തിന്റെ വാരാന്തയിലും പരിസരത്തും രക്തം കട്ടപിടിച്ചു ഉണങ്ങിക്കിടന്നതായി എനിക്ക് കാണാൻ കഴിഞ്ഞു. സംഘട്ടനത്തിലുണ്ടായിരുന്ന പ്രതികളെ പോലീസ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. സംഭവ സ്ഥലത്തിനടുത്തുനിന്നും ശശി ഉടുത്തിരുന്ന കൈലി പകുതി കരിഞ്ഞ നിലയിൽ കണ്ടെടുത്തതായും അവസാനമായി നൽകിയ പരാതിയിൽ പറഞ്ഞിട്ടുണ്ട്. ഇത് മുൻ വൈരാഗ്യം വച്ചുകൊണ്ടുള്ള ഒരു കൊലപാതകമാണെന്ന് അവർ ഹർജിയിൽ പറഞ്ഞിരിക്കുന്നു. വാതരോഗിയായ ആ പിതാവിന്റെ ഏക മകനായിരുന്നു ശശി. ശശിയുടെ തിരോധാനം മൂലം ആ കുടുംബം തീരാത്ത ദുഃഖത്തിലാണ് കഴിയുന്നത്. ഇക്കാര്യത്തിൽ വേണ്ട അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1-11-1986-ന് വൈകുന്നേരം അഞ്ചുമണിയോടടുത്ത് പെരിനാട് മാർക്കറ്റിൽ പോകുന്നുവെന്ന് പറഞ്ഞ് വീട്ടിൽ നിന്നുപോയ ശശി, തിരിച്ച് വന്നിട്ടില്ലെന്ന് പറഞ്ഞുകൊണ്ടുള്ള ഭാര്യയുടെ പരാതി കിട്ടിയത് 2-11-1986 നാണ്. പരാതി കിട്ടിയതനുസരിച്ച് 'മാൻ മിസ്സിംഗ്' എന്നുപറഞ്ഞുകൊണ്ട് ഒരു കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. അന്വേഷണം നടത്തിയതിൽ നിന്നും ശശി വീട്ടിൽ നിന്നിറങ്ങിയതിനുശേഷം മദ്യപിച്ചിട്ട് രവി എന്നു പറയുന്ന ഒരാളുമായി വഴക്കുണ്ടാക്കിയെന്നും അവർ തമ്മിൽ പിടിവലിയുണ്ടായി താഴെ വീണ ശശിക്ക് തലയ്ക്ക് പരിക്കുപറ്റിയെന്നും അതിനുശേഷം ശശി പമ്പാനദിയുടെ തീരത്ത് മുക്കം കടവിൽവച്ച് ഒരു 'രാജനുമായി' വഴക്കുണ്ടാക്കി എന്നും രാജൻ ശശിയെ വെള്ളത്തിൽ തള്ളിയിട്ടു എന്നുമാണ് അറിയുന്നത്. ശശിക്ക് രക്ഷപ്പെടാനിടയുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. മൃതദേഹം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. ഏതായാലും കേസ് അന്വേഷണം തുടരുന്നുണ്ട്. ശശിയുടെ മൃതദേഹം കിട്ടിക്കഴിഞ്ഞാൽ കൂടുതൽ വേഗത്തിൽ മറ്റു നടപടികളും സ്വീകരിക്കാൻ കഴിയും. ഏതായാലും ഈ കേസിന്റെ അന്വേഷണം തുടരുന്നുണ്ട്. കുറ്റവാളികളെ കണ്ടുപിടിക്കാനുള്ള സംരംഭം തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly